## പതിമൂന്നാം കേരള നിയമസഭ

## (THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2015 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH, 2015)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2015 ജൂലൈ 1-ാം തീയതി സമർപ്പിച്ചത്
(Presented on 1st July, 2015)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2015

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2015 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2015)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

617/2015.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 15 |

# വിഷയനിർണ്ണയ സമിതി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്,
പൊതുമരാമത്ത് വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീമതി കെ. കെ. ലതിക

ശ്രീ. സി. പി. മുഹമ്മദ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. കെ. രാജു

ശ്രീ. സി. എഫ്. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

## അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2013-16)-ന്റെ 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 21-5-2014, 17-6-2014, 9-7-2014, 29-10-2014, 2-12-2014, 4-12-2014, 8-12-2014, 10-12-2014, 21-1-2015 എന്നീ തീയതികളിലായി 9 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 17-6-2014-ലെ യോഗം, സമിതിയുടെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും, 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെയും യോഗനടപടിക്കുറിപ്പുകളിലെയും ശിപാർശകളിൻമേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും കരട് ചട്ടത്തിന്റെയും പരിഗണനയ്ക്കായി 21-5-2014, 17-6-2014, 2-12-2014, 21-1-2015 തീയതികളിൽ യോഗം ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം 29-10-2014-ൽ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ചർച്ച നടത്തി. 2014-ലെ കേരള ധനകാര്യ ബിൽ, 2014-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ എന്നിവയുടെ പരിഗണനയ്ക്കായി യഥാക്രമം 9-7-2014, 8-12-2014 എന്നീ തീയതികളിൽ സമിതി സംയുക്ത യോഗം ചേർന്നു. കൂടാതെ 2014-ലെ കേരള മാരിടൈം ബോർഡ് ബില്ലിന്റെ പരിഗണനയ്ക്കായി 4-12-2014-ലും 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാർക്കുള്ള സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലിന്റെ പരിഗണനയ്ക്കായി 10-12-2014-ലും സമിതി യോഗം ചേർന്നു.

സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 50% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ (ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടാത്തവ) ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതി പരിഗണിച്ച ബില്ലുകളും കരട് ചട്ടവും സംബന്ധിച്ച വിവരങ്ങളും നാലാം ഭാഗത്ത് വിഷയനിർണ്ണയ സമിതി 5-ന്റെ പരിഗണനാ

വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസപത്രികകളും സഭയുടെ മേശപ്പുറത്തുവച്ചുള സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ യോഗനടപടിക്കുറിപ്പുകൾ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2015 ജൂൺ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി V.*

തിരുവനന്തപുരം,
2015 ജൂൺ 29.

# റിപ്പോർട്ട്

ഭാഗം 1

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾക്ക കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലാണ് സൂക്ഷ്മപരിശോധന നടത്തുന്നത്:

ധനാഭ്യർത്ഥന നമ്പർ IX —വാഹനനികുതികൾ

ധനാഭ്യർത്ഥന നമ്പർ XV —പൊതുമരാമത്ത്

ധനാഭ്യർത്ഥന നമ്പർ XL —തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XLI —ഗതാഗതം

2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 9-6-2014-ന് സഭയിൽ സമർപ്പിച്ചു. 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 26-6-2014-ന് സഭയിൽ സമർപ്പിച്ചു.

2014-ലെ കേരള മാരിടൈം ബോർഡ് ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 5-12-2014-നും 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാർക്കുള്ള സാമൂഹ്യ സുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 11-12-2014-നും സഭയിൽ സമർപ്പിച്ചു.

ഭാഗം 2

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ

## 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

പൊതു ശിപാർശ

5054-03 എന്ന ശീർഷകത്തിലെ സംസ്ഥാന രാജപാതകൾ എന്ന വിവരണത്തിന് പകരം ഭാവിയിൽ 'സംസ്ഥാന പാതകൾ' എന്ന് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം 5054-03 എന്ന ശീർഷകത്തിലെ സംസ്ഥാന രാജപാതകൾ എന്ന മലയാള വിവരണം സംസ്ഥാന പാതകൾ എന്നാക്കി മാറ്റിയിട്ടുണ്ട്. 2015-16 മുതലുള്ള ധനാഭ്യർത്ഥനകളുടെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളിൽ ഈ മാറ്റം പ്രയോഗത്തിൽ വരുന്നതാണ്.

ശിപാർശ

3055-00-800-95—റോഡ് സുരക്ഷാ ഫണ്ട്

നടപ്പുസാമ്പത്തികവർഷം ഈ ശീർഷകത്തിൽ 15 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ദശവത്സര റോഡ് സുരക്ഷാ പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പ്, പോലീസ് വകുപ്പ്, കെൽട്രോൺ എന്നിവയ്ക്ക് അനുവദിക്കേണ്ട തുകയും കൂടുതൽ ഫണ്ട് ആവശ്യമായ മറ്റ് വിവിധ പദ്ധതികൾക്കുള്ള തുകയും ഈ ശീർഷകത്തിലാണ് ഉൾപ്പെടുന്നത്. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിലേക്ക് 90.0090 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

സ്വീകരിച്ച നടപടി

കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് 2010-11 സാമ്പത്തികവർഷം വരെ ഏകദേശം 90 കോടിയോളം രൂപയാണ് കോമ്പൗണ്ടിംഗ് ഫീ, സെസ്സ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്ന് ലഭിക്കവാനുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലും സബ്ജക്ട് കമ്മിറ്റി V-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ (2011-12) 144-ാം നമ്പർ ശിപാർശയുടെ അടിസ്ഥാനത്തിലും കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭിക്കവാനുള്ള 90.0090 കോടി രൂപ '3055-00-800-95 Transfers to Road Safety Fund' എന്ന ശീർഷകത്തിൽ ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടതിനെ തുടർന്ന് ധനകാര്യ വകുപ്പ് ടി ശീർഷകത്തിൽ അനുവദിച്ച 15 കോടി രൂപ 30-3-2012-ലെ ജി.ഒ. (ആർറ്റി.) നമ്പർ 171/2012/ഗതാ. പ്രകാരം സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റിക്ക് 2011-12 സാമ്പത്തികവർഷം നൽകിയിട്ടുണ്ട്.

## 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

പൊതുശിപാർശ

റോഡുകളുടെ വീതി കൂട്ടുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടതായി വരുന്ന അത്യാവശ്യ സന്ദർഭങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ 10%-ൽ കവിയാത്ത തുക ആവശ്യമെങ്കിൽ ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 112)

സ്വീകരിച്ച നടപടി

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് പദ്ധതി പ്രാവർത്തികമാക്കാൻ സ്ഥലം അത്യാവശ്യമായി വരുന്നപക്ഷം ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കാനുള്ള തുക കൂടി പദ്ധതി ചെലവിൽ ഉൾപ്പെടുത്താമെന്ന് സർക്കാർ 9-4-2013-ൽ തന്നെ ജി.ഒ. (പി) നമ്പർ 161/2013/ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ

3051-02-001-93—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—മാരിടൈം വിദ്യാഭ്യാസ പരിശീലന പരിപാടികളും ശേഷി വികസനവും

കേരള സംസ്ഥാനത്തെ കപ്പലോട്ട വിജ്ഞാന വിദ്യാഭ്യാസ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുള്ളത്. നീണ്ടകരയിൽ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിക്കുകയും കൊടുങ്ങല്ലൂരിൽ 3-9-2011 മുതൽ ഇതിന്റെ സബ്സെന്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനം, കെട്ടിടങ്ങളുടെ നിർമ്മാണ പരിപാലനം, ഗ്രന്ഥശാലകളുടെ നിർമ്മാണം, കാമ്പസുകളുടെ പരിപാലനം, ലാബുകളിലേക്കാവശ്യമായ സാധന സാമഗ്രികൾ, പാഠപുസ്തകങ്ങൾ വാങ്ങുക, പരിശീലനത്തിന് വേണ്ടിയുള്ള വീഡിയോ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, പരിശീലന ക്ലാസ്സുകൾ നടത്തുക, വിദഗ്ദ്ധാഭിപ്രായം തേടുക, വിദഗ്ദ്ധർക്കുള്ള ഫീ നൽകുക എന്നീ ആവശ്യങ്ങൾക്ക് വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 2013-14 വർഷത്തേക്ക് 19.55 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 6.9 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.65 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

3051-02-001-92—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും—ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—കേരള ഉൾനാടൻ ജലഗതാഗത നിയമം നടപ്പാക്കൽ

കേരളത്തിലെ വിവിധ ജില്ലകളിലെ ഉൾനാടൻ ജലവാഹനങ്ങൾ, കേരള ഉൾനാടൻ യാന നിയമത്തിൻ കീഴിലെ രജിസ്റ്ററിംഗ് അതോറിറ്റിയും ചീഫ് സർവ്വേയറും നിശ്ചിതകാലം ഇടവിട്ട് പരിശോധിക്കേണ്ടതുണ്ട്. ഇതിനുവേണ്ടി പ്രസ്തുത ഉദ്യോഗസ്ഥരുടെ യാത്രാസൗകര്യത്തിനായി ഒരു കാർ, ഒരു വിവിധോദ്ദേശ്യ വാഹനം എന്നിവ വാങ്ങുന്നതിനും എറണാകുളത്ത് ഓഫീസ് ഫോൺ സ്ഥാപിക്കുന്നതിനും വേമ്പനാട് കായലിലും തേക്കടിയിലും മറ്റ് ഉൾനാടൻ ജലപാതകളിലും ബോയ സ്ഥാപിക്കുന്നതിനും ജലവാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനും ഉതകുന്ന വിധത്തിൽ ഡ്രൈഡോക്ക് സ്ഥാപിക്കുന്നതിനും സ്വീവേജ് പ്ലാന്റ് സ്ഥാപിക്കുന്നതിനും നീണ്ടകരയിൽ ആരംഭിച്ച ഡൈവേഴ്സ് ട്രെയിനിംഗിനു വേണ്ടിയും പ്രസ്തുത ശീർഷകത്തിൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ തുറമുഖ വകുപ്പ് 2010 മുതൽ കേരള ഉൾനാടൻ യാന നിയമം (കെ.ഐ.വി.) റൂൾ നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ആയതിനാൽ റോവർ ക്രാഫ്റ്റ് വാങ്ങുക, മുഖ്യപരീക്ഷാ പരിശോധകൻ കോമ്പിറ്റൻസി ടെസ്റ്റ് നടത്തുക തുടങ്ങിയവയ്ക്ക് ആവശ്യമായ തുകയും. കൂടി ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് 3.30 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1 കോടി രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 2.30 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

സ്വീകരിച്ച നടപടി

തുക ലഭ്യമല്ലാത്തതിനാൽ ഈ പദ്ധതിയിൽ എല്ലാ പ്രവൃത്തികളും നടപ്പിലാക്കാൻ സാധിച്ചില്ല. ആയതിനാൽ 2013-14 വർഷം 18,58,145 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

ശിപാർശ

3051-02-001-91—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും ചെറുകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—സമുദ്ര ജലഗതാഗത വ്യാപനംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള വിലയിരുത്തലുകളും അവ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും

സംസ്ഥാനത്തെ കപ്പൽ വ്യവസായ വികസനം, തീരദേശ കപ്പൽ ഗതാഗത വികസനം, കപ്പലോട്ട വ്യവസായത്തിലെ വിഭവങ്ങളുടെ ഫലദായകമായ ഉപയോഗം, തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജല ഗതാഗതവും സംയോജിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും കേടുകൂടാതെ നടത്തുന്നതിനും

പരിസ്ഥിതി പഠനത്തിനും ആഘാത ലഘൂകരണത്തിനും ആവശ്യമായ നടപടികളുടെ വിലയിരുത്തൽ നടപ്പാക്കുക എന്നീ ആവശ്യങ്ങൾക്കും വേണ്ട തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 20 ലക്ഷം രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 118)

സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

5051-01-001-99—തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയുള്ള മൂലധന ചെലവ്—വൻകിട തുറമുഖങ്ങൾ—ഭരണവും നടത്തിപ്പും—വിഴിഞ്ഞം ആഴക്കടൽ വികസനം—അന്താരാഷ്ട്ര കപ്പൽഗതാഗത ടെർമിനൽ

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖകൾ അംഗീകരിച്ചു കഴിഞ്ഞതായും സംസ്ഥാന സർക്കാർ വലിയതോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുതൽമുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി തുറമുഖം പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

(ഖണ്ഡിക 123)

2013-14 വർഷത്തെ ബജറ്റിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയടക്കം 10 പദ്ധതികൾക്ക് പശ്ചാത്തല വികസനത്തിനായി ഒന്നിച്ച് ആകെ 846.03 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ പദ്ധതിയുടെയും ആവശ്യാനുസരണം തുക ഇതിൽ നിന്നും വിനിയോഗിക്കാവുന്നതാണെന്നും പ്രസ്തുത പദ്ധതികൾ ഓരോന്നിനും ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 14-2-2012-ലെയും 20-11-2012-ലെയും സർക്കാർ ഉത്തരവുകളായ ജി.ഒ. (എംഎസ്.) നമ്പർ 8/2012/എഫ്.&പി.ഡി.-അനക്സർ 1, ജി.ഒ. (എംഎസ്.) നമ്പർ 83/12/എഫ്.& പി.ഡി.-അനക്സർ 2 എന്നിവ പ്രകാരം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം 250 കോടി രൂപ ബഡ്ജറ്റ് സഹായമായി അനുവദിക്കുന്നതാണെന്ന് സർക്കാർ ഉറപ്പുനൽകിയിട്ടുള്ളതാണെന്നും പ്രസ്തുത

ഉറപ്പിന്മേലാണ് പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് ലഭ്യമാകുന്നതെന്നും പദ്ധതിക്കാവശ്യമായ ധനം വിവിധ ബാങ്ക് കൺസോർഷ്യങ്ങളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും ബോണ്ടുകളായും കമ്പനിക്ക് ലഭിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത പദ്ധതിക്കായി 250 കോടി രൂപ പ്രത്യേകമായി വകയിരുത്തിയില്ലെങ്കിൽ പദ്ധതിക്കാവശ്യമായ ധനസമാഹരണം തീർത്തും സാധ്യമല്ലാതെ വരുമെന്നും ഇത് പദ്ധതിയുടെ നടത്തിപ്പിനെ തന്നെ ദോഷകരമായി ബാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി നടപ്പുസാമ്പത്തികവർഷം 250 കോടി രൂപ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി</u>

2013-14 സാമ്പത്തികവർഷത്തിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

5051-02-200-91—<u>തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ ഗവേഷണവും വികസനവും</u>

വിവരസാങ്കേതികവിദ്യയുടെ വർദ്ധിച്ച ഉപയോഗം, നെറ്റ്‌വർക്കിംഗ്, ഓഫീസുകൾ തമ്മിൽ വിവര സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ ബന്ധിപ്പിക്കുക, ജീവനക്കാരെ പരിശീലിപ്പിക്കുക, ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകൾ വാങ്ങുകയോ വികസിപ്പിക്കുകയോ ചെയ്യുക, മണ്ണ് മാന്തൽ നടപടിയുമായി ബന്ധപ്പെട്ട ഉപദേശകരെ നിയമിക്കുക, പഠനത്തിനും ഗവേഷണത്തിനുമായി വിദഗ്ധരെ നിയമിക്കുക, പദ്ധതിരേഖകൾ തയ്യാറാക്കുക, പരിസ്ഥിതി ദൂഷണത്തിനെതിരെ പഠനം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുക, ജേർണലുകൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവ വാങ്ങുക, സെമിനാറുകളും വർക്ക്ഷോപ്പുകളും കോൺഫറൻസുകളും നടത്തുക, തുറമുഖങ്ങൾ സന്ദർശിക്കുക എന്നീ ആവശ്യങ്ങൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം 2.30 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.80 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധികതുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

5051-02-200-86—തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—തുറമുഖങ്ങളുടെ വികസനം

നീണ്ടകര, കായംകുളം, കോട്ടയം, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഒൻപത് തുറമുഖങ്ങളുടെ വികസനത്തിനായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തികവർഷം 3.16 കോടി രൂപയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 1 കോടി രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കുന്നതിനാൽ ഈ ശീർഷകത്തിൽ 2.16 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

5051-02-200-83—തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—അഴീക്കൽ തുറമുഖ വികസനം

തദ്ദേശീയവും വിദേശീയവുമായ ചരക്ക് കണ്ടെയ്നറില്ലുള്ളതും അല്ലാത്തതും കൈകാര്യം ചെയ്യുന്ന, എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന ഒരു തുറമുഖമായി അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. കൂടാതെ തുറമുഖ ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുക, സജ്ജമാക്കുക, ജീവനക്കാർക്ക് വസതി നിർമ്മിക്കുക, പൈലറ്റ്, പട്രോൾ ബോട്ടുകൾ വാങ്ങുക, ട്രാൻസിറ്റ്ഷെഡ് തുറമുഖഭൂമി പച്ചവിരിക്കുക, സുന്ദരമാക്കുക, വെയ് ബ്രിഡ്ജ് ബോയകൾ, ചാനൽ അടയാളപ്പെടുത്തുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 750 എച്ച്.പി. ടഗ്ഗ് വാങ്ങുക എന്നിവയും മണ്ണുമാന്തി

വാങ്ങുന്നതിനും വേണ്ട തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം 53.85 കോടി രൂപ ആവശ്യപ്പെട്ടിരുന്നതെങ്കിലും 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രാരംഭ നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ ഈ പദ്ധതി സെൻട്രൽ പ്രോജക്ട് ആയി വികസിപ്പിക്കാൻ സാധിക്കുകയുള്ളൂ എന്ന് സമിതി മനസ്സിലാക്കിയതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 43.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

**സ്വീകരിച്ച നടപടി**

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

**ശിപാർശ**

5051-02-200-82—തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—വിഴിഞ്ഞം കാർഗോ തുറമുഖം

വിഴിഞ്ഞം കാർഗോ തുറമുഖത്തിന്റെ സീവേർഡ് വാർഫ് 50 മീറ്റർ നീട്ടിപ്പണിയുക, ഓഫീസ് കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുക, ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, ജീവനക്കാർക്ക് വസതികളും മറ്റു സൗകര്യങ്ങളും ഒരുക്കുക, വാർഫ് ബലപ്പെടുത്തുക, ഉപദേശകരെ നിയമിക്കുക, ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിന് യന്ത്രങ്ങൾ വാങ്ങുക, 3 കെ.വി.എ. സൗരോർജ്ജ യൂണിറ്റ് സ്ഥാപിക്കുക, 16 കെ.വി.എ. ജനറേറ്റർ സെറ്റ്, പൈലറ്റ് പട്രോൾ ബോട്ടുകൾ മുതലായവ വാങ്ങുക എന്നീ ആവശ്യങ്ങൾക്ക് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്ക് 10.03 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.03 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

5051-02-200-81—തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—തങ്കശ്ശേരി തുറമുഖ വികസനം

തങ്കശ്ശേരി കാർഗോ തുറമുഖത്തിന്റെ തുറമുഖ ചാനൽ ആഴം കൂട്ടുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രം സ്ഥാപിക്കുക, ഡ്രഡ്ജർ വാങ്ങുക, തുറമുഖ തൊഴിലാളികൾക്ക് സുരക്ഷിതത്വവും ക്ഷേമവും നടപ്പിലാക്കുക, കാർഗോ വാർഫ് നിർമ്മിക്കുക, ആശ്രാമത്തെ ഉൾപ്പെടെയുള്ള സ്ഥലത്ത് കെട്ടിടങ്ങളും മറ്റും നിർമ്മിക്കുക, തുറമുഖ വികസനത്തിനുള്ള ഭൂമി പരിപാലിക്കുക, ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുക, ചാനൽ മാർക്കിംഗ് ചെയ്യുക, ടഗ്ഗുകളുടെയും യന്ത്രങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുക, റോഡ്/റെയിൽ ബന്ധം സ്ഥാപിക്കുക, തുറമുഖഭൂമി പച്ചവിരിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, സി.സി.എൻ. ഉൾപ്പെടെയുള്ള തുറമുഖ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക, പി.പി.പി. മോഡൽ സിമന്റ് ടെർമിനൽ സ്ഥാപിക്കുക എന്നിവയ്ക്കുവേണ്ടി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 57.85 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 14 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ വളരെയധികം പ്രാധാന്യമർഹിക്കുന്ന തങ്കശ്ശേരി കാർഗോ തുറമുഖത്തിനായി ഈ ശീർഷകത്തിൽ 43.85 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

5051-02-200-80—തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റു ചെറുകിട തുറമുഖങ്ങൾ—ആലപ്പുഴ തുറമുഖ വികസനം

ആലപ്പുഴ തുറമുഖത്തിലെ കെട്ടിടങ്ങളുടെ നിർമ്മാണം, ബേക്ക് വാട്ടർ നിർമ്മാണം, ഡ്രഡ്ജിംഗ്, കടൽപ്പാലങ്ങൾ പണിയുക, ഓഫീസ് ക്വാർട്ടേഴ്സ് നിർമ്മാണം, പരിപാലനം, സജ്ജീകരണം, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, പട്രോൾ ബോട്ട്, പൈലറ്റ് ബോട്ട് എന്നിവ വാങ്ങുക, ഇൻലാന്റ് വെസലുകളിൽ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങൾ, ഇന്ധനം

എന്നിവ വാങ്ങുക, തുറമുഖഭൂമിയെ പച്ചവിരിക്കുക, സൗന്ദര്യവൽക്കരണം, തുറമുഖ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുക, എസ്.കെ.വി.എ. സൗരോർജ്ജ ഘടകങ്ങൾ എന്നിവ വാങ്ങുന്നതിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത ആവശ്യങ്ങൾക്കായി 38.10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 33.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 130)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശ</u>

5051-02-200-74—<u>തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് ചെറുകിട തുറമുഖങ്ങൾ—മറ്റ് ചെറുകിട തുറമുഖങ്ങൾ—ബേപ്പൂർ കോഴിക്കോട് തുറമുഖ വികസനം</u>

ബേപ്പൂർ കോഴിക്കോട് തുറമുഖ വികസനത്തിന്റെ ഭാഗമായി പാസഞ്ചർ ടെർമിനലിൽ അധിക സൗകര്യങ്ങൾ ഒരുക്കുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രങ്ങൾ വാങ്ങുക, സ്പീഡ് ബോട്ട്, ക്രെയിൻ ഇവ വാങ്ങുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും പരിപാടികൾ നടത്തുക, ജീവനക്കാർക്ക് വസതികളും സൗകര്യവും ഒരുക്കുക, തുറമുഖത്തേക്ക് റോഡ് സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുകയോ വാങ്ങുകയോ ചെയ്യുക, ഐ.എസ്.പി.എസ്. കോഡ് അനുസരിച്ച് സുരക്ഷാ സംവിധാനം ഒരുക്കുക, ബേക്ക് വാട്ടർ നിർമ്മിക്കുക, പൈലറ്റ് പട്രോൾ ബോട്ട് വാങ്ങുക, തുറമുഖഭൂമി പച്ചവിരിക്കുക, വേബ്രിഡ്ജിംഗ് സ്ഥാപിക്കുക, ജീപ്പ്, ബോട്ട്, ടഗ്ഗ് എന്നിവ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷത്തേക്ക് 71.57 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 6.75 കോടി രൂപ മാത്രമേ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 64.82 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കുവേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശ</u>

5051-02-200-73—<u>തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ചെറുകിട തുറമുഖങ്ങൾ—മറ്റ് ചെറുകിട തുറമുഖങ്ങൾ—തിരുവനന്തപുരം (വലിയതുറ) തുറമുഖ വികസനം</u>

തിരുവനന്തപുരം നഗരത്തിൽ ചരക്ക് നീക്കത്തിന് ഉതകുന്നവിധം തിരുവനന്തപുരം വലിയതുറ തുറമുഖം വികസിപ്പിക്കുന്നതിനുവേണ്ടി ഇപ്പോഴുള്ള കടൽപ്പാലം പുതുക്കുകയും ബലപ്പെടുത്തുകയും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുകയും ഗോഡൗണുകൾ പുതുക്കുകയും ആധുനീകരിക്കുകയും ചെയ്യുന്നതിനും സിഗ്നൽ സ്റ്റേഷൻ, ചുറ്റുമതിൽ, ഗേറ്റ്, കടൽപ്പാലത്തിലേക്കുള്ള ഗേറ്റ്, മറ്റ് സുരക്ഷാസംവിധാനങ്ങൾ, ജീവനക്കാർക്ക് വസതി കൂടാതെ ഗസ്റ്റ് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനും തുറമുഖ ഭൂമി പച്ചവിരിക്കുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയിൽ പ്രതീക്ഷിക്കുന്ന ചെലവ് 5.70 കോടി രൂപയാണ്. എന്നാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 1 കോടി രൂപയാണ്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 4.7 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 132)

<u>സ്വീകരിച്ച നടപടി</u>

അധിക തുകയ്ക്കുവേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

<u>ശിപാർശ</u>

5051-02-200-72—<u>തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ചെറുകിട തുറമുഖങ്ങൾ—കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം</u>

കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖം, എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തീരദേശ കപ്പൽ ഗതാഗതത്തിന് ഉതകുന്ന തുറമുഖമായി വികസിപ്പിക്കുന്നതിന് ആവശ്യമായ യന്ത്രങ്ങളും സാമഗ്രികളും വാങ്ങുക, ഓഫീസ് കെട്ടിടം നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുക, ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ചവിരിക്കുക എന്നീ ആവശ്യങ്ങൾക്കുവേണ്ടി നടപ്പ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 15.68 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 133)

സ്വീകരിച്ച നടപടി

അധിക തുകയ്ക്കുവേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

5051-80-800-89—തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—ജനറൽ—മറ്റ് ചെലവുകൾ—കടൽപ്പാലങ്ങളുടെയും മറ്റ് ഘടകങ്ങളുടെയും പ്രധാന അറ്റകുറ്റപ്പണികളും വലിയതോതിലുള്ള നിർമ്മാണങ്ങളും

കേരള തീരത്ത് നിലനിൽക്കുന്ന തുറമുഖങ്ങളുടെ സ്ട്രക്ച്ചറുകളുടെയും പിയറുകളുടെയും പ്രധാന അറ്റകുറ്റപ്പണികളും കൂട്ടിച്ചേർക്കലുകളുമാണ് ഈ വിഹിതത്തിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതെന്നും കൂടാതെ അപ്രോച്ച് റോഡുകൾ, പോർട്ട് സ്ട്രക്ച്ചറുകൾ, സിഗ്നൽ സ്റ്റേഷൻ, നാവിഗേഷണൽ സഹായം, കെട്ടിടം, ജലവിതരണ സംവിധാനം, ഫെൻഡറുകൾ, വൈദ്യുതി സംവിധാനം, വിഴിഞ്ഞം, തങ്കശ്ശേരി, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളുടെ ആസ്തികളുടെ അറ്റകുറ്റപ്പണികൾ, ചീഫ് എഞ്ചിനീയർ ഓഫീസിലെ രണ്ടാം നിലയിലെ വികസന പ്രവർത്തനം, പുതിയാപ്പാ ഹാർബറിലെ ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ വികസനവും നവീകരണവും എന്നീ പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവൃത്തി ക്രമീകരിക്കുകയുണ്ടായെന്നും കൂടാതെ ക്രമീകരിച്ച പ്രവൃത്തികൾക്ക് 50 ലക്ഷം രൂപയുടെ പെൻഡിംഗ് പേമെന്റ് ഉണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും നടപ്പുസാമ്പത്തികവർഷം 40 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

സ്വീകരിച്ച നടപടി

അധിക തുകയ്ക്കുവേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശിപാർശ

5051-80-800-62—തുറമുഖങ്ങൾ ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്—പൊതുവായ മറ്റ് ചെലവുകൾ—തീരദേശ കപ്പൽ ഗതാഗത വികസനം

റോഡിനുപകരം കടലിലൂടെ ചരക്ക് കൈകാര്യം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഈ പദ്ധതിയിൽ തുടക്കത്തിൽ വിഴിഞ്ഞം, കൊല്ലം, കൊടുങ്ങല്ലൂർ, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് തീരദേശ കപ്പൽ ഗതാഗതം

ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തീരദേശ കപ്പൽ ഗതാഗതത്തിന്റെ പ്രോത്സാഹനത്തിന്, വാങ്ങിയതോ വാടകയ്ക്കെടുത്തതോ ആയ കപ്പലുകൾ ആവശ്യമാണ്. കൂടാതെ കൊല്ലം, കൊടുങ്ങല്ലൂർ, അഴീക്കൽ എന്നിവിടങ്ങളിൽ പി.പി.പി. അടിസ്ഥാനത്തിൽ സിമന്റ് ടെർമിനലുകൾ സ്ഥാപിക്കുക, തീരദേശ കപ്പൽ ഗതാഗത വ്യവസായത്തിന്റെ പ്രോത്സാഹനത്തിന് സെമിനാറുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുക, ഇൻസെന്റീവ് നൽകുക, പ്രോജക്ടുകൾക്ക് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുക എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 39.30 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, ഈ ശീർഷത്തിൽ 34.30 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 135)

## സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

## ഭാഗം 3

സമിതിയുടെ 4-12-2014-ലെ യോഗം 2014-ലെ കേരള മാരിടൈം ബോർഡ് ബില്ലും 10-12-2014-ലെ യോഗം 2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാർക്കുള്ള സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബില്ലും പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 21-5-2014-ലെ യോഗം 2014-ലെ കേരള എഞ്ചിനീയറിംഗ് സർവ്വീസ് (റേഡിയോ ആന്റ് ഇലക്ട്രിക്കൽ ബ്രാഞ്ചസ്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു. 2014-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ അമെന്റ്മെന്റ് റൂൾസ് 2-12-2014-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## ഭാഗം 4

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5)പ്രകാരം സമിതിയുടെ 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 44, 116-118, 124-135 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൻമേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ 9-12-2014-ന് സഭയുടെ മേശപ്പുറത്തുവച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6)പ്രകാരം പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനക്കു കീഴിൽ വരുന്ന പൊതുമരാമത്ത് വകുപ്പിന്റെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനക്കുകീഴിൽ വരുന്ന തുറമുഖ വകുപ്പിന്റെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനക്കുകീഴിൽ വരുന്ന ഉൾനാടൻ ജലഗതാഗതത്തിന്റെയും 2013-14 സാമ്പത്തികവർഷത്തെ വാർഷികപ്രവർത്തന റിപ്പോർട്ടുകൾ 3-12-2014-ന് സഭയുടെ മേശപ്പുറത്തുവച്ചു.

വി. കെ. ഇബ്രാഹിം കുഞ്ഞ്,
*ചെയർമാൻ,*
*വിഷയനിർണ്ണയസമിതി V.*

തിരുവനന്തപുരം,
2015 ജൂൺ 29.

<u>അനുബന്ധം</u>

## 21-5-2014-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2014 മേയ് മാസം 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ "5 ഡി" സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. മത്സ്യബന്ധനവും എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ, എം. എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം. എൽ.എ.
3. ശ്രീ. കെ. രാജു, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ബിജു പ്രഭാകർ, ജില്ലാ കളക്ടർ തിരുവനന്തപുരം ആന്റ് നോഡൽ ഓഫീസർ, സബർബൻ റെയിൽവേ പദ്ധതി
2. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാൻറ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്
3. ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
4. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, ഗതാഗത വകുപ്പ്
5. ശ്രീ. ടോമി സിറിയക്, ചീഫ് കൺസൾട്ടന്റ്, സബർബൻ റെയിൽവേ
6. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീ. സുരേഷ് കുമാർ, വി. എസ്., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

10. ശ്രീ. ശ്രീകുമാർ, എൻ. കെ., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

11. ശ്രീ. ഐസക് ഇട്ടി, ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

12. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

13. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗം

14. ശ്രീമതി ലതിക, പി., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ.

I. സമിതി ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അധിക വിവരങ്ങൾ ആരായുകയും അംഗീകരിക്കുകയും ചെയ്തു.

**കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ്**

2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2787/സബ്.സി.എ 2/13/നി.സെ.)

ഖണ്ഡിക നമ്പർ 145,156,157,158,161

**ഗതാഗത വകുപ്പ്**

(1) 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4930/സബ്.സി.എ 2/2011/നി.സെ.)

ഖണ്ഡിക നമ്പർ 144

(2) 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2787/സബ്.സി.എ 2/13/നി.സെ.)

ഖണ്ഡിക നമ്പർ 1-5, 137-140, 155, 164-167

## II. കരട് ചട്ടത്തിന്റെ പരിഗണന

സമിതി തുടർന്ന് 2014-ലെ കേരള എഞ്ചിനീയറിംഗ് സർവ്വീസ് (റേഡിയോ ആന്റ് ഇലക്ട്രിക്കൽ ബ്രാഞ്ചസ്) അമെന്റ്മെന്റ് സ്പെഷ്യൽ റൂൾസ് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഡൽഹിയിലെ കപൂർത്തല പാലസും ട്രാവൻകൂർ കൊട്ടാരവും നവീകരിക്കുന്ന പദ്ധതി, സബർബൻ റെയിൽവേ പദ്ധതി എന്നിവ സംബന്ധിച്ച പ്രസന്റേഷൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ പ്രസന്റ് ചെയ്തു.

## III. ഡൽഹിയിലെ കപൂർത്തല പാലസും ട്രാവൻകൂർ കൊട്ടാരവും നവീകരിക്കുന്നത് സംബന്ധിച്ച പ്രസന്റേഷൻ

കൊച്ചിൻ ഹൗസ്, ട്രാവൻകൂർ പാലസ്, കപൂർത്തല പ്ലോട്ട് എന്നിങ്ങനെ മൂന്നായിട്ടാണ് ഡൽഹിയിലെ കേരള ഹൗസ് തിരിച്ചിരിക്കുന്നതെന്നും മെയിൻ ബ്ലോക്കും ഇപ്പോൾ പുനരുദ്ധരിക്കുന്ന കൊച്ചിൻ ഹൗസും അഡീഷണൽ ബ്ലോക്കും 12 ക്വാർട്ടേഴ്സുമുൾപ്പെടുന്ന രണ്ടര ഏക്കർ സ്ഥലവും ട്രാവൻകൂർ പാലസിലെ എട്ട് ഏക്കർ സ്ഥലവും കപൂർത്തല പ്ലോട്ടിലെ നാല് ഏക്കർ സ്ഥലവും കേരള ഹൗസിന്റെ അധീനതയിലാണ് എന്നും മരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ട്രാവൻകൂർ പാലസ് നവീകരിക്കുന്നതിന് രാമസ്വാമി എന്ന കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടെന്നും ഡ്രോയിംഗെല്ലാം ശരിയായി എൻ.ഡി.എം. സിക്ക് അപേക്ഷ കൊടുക്കാൻ തയ്യാറായിട്ടുണ്ടെന്നും കപൂർത്തല പ്ലോട്ടിന്റെ വർക്ക് നടത്തുന്നത് വകുപ്പ് തന്നെയാണെന്നും ചീഫ് എഞ്ചിനീയർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

ട്രാവൻകൂർ പാലസ് നിൽക്കുന്ന സ്ഥലം ഒരു കോടതിവിധിയിലൂടെയാണ് കേരള ഗവൺമെന്റിന് കരഗതമായതെന്നും ന്യൂഡൽഹി മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾ പ്രത്യേക ക്യാരക്ടർ സോണായിട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്നും അതിനാൽ അവിടെ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ അതേ ഉയരത്തിൽ തന്നെ മാത്രമേ വീണ്ടും നിർമ്മിക്കാൻ പറ്റുകയുള്ളൂവെന്നും ഹൈഡെൻസിറ്റി ഡെവലപ്മെന്റ് കൊണ്ടുവരാൻ സാധിക്കുകയില്ലായെന്നും ഇപ്പോൾ നിലനിൽക്കുന്ന കെട്ടിടത്തിന്റെ ഉയരം മാത്രമേ അവിടെ പുതിയതായി നിർമ്മിക്കാൻ പോകുന്ന കെട്ടിടത്തിന് ഉണ്ടാകാൻ പാടുള്ളൂവെന്നും വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കൂടാതെ ടി സ്ഥലം ഹെറിറ്റേജ് കമ്മിറ്റിയുടെ കീഴിൽ വരുന്നതായതിനാൽ ബിൽട് അപ് ഏരിയ 1220 ചതുരശ്രമീറ്ററേയുള്ളൂവെന്നും കെട്ടിടങ്ങൾ എല്ലാം കൂടി 2328 ചതുരശ്രമീറ്ററോളം ഉണ്ടെന്നും ആ പരിധിക്കുള്ളിൽ നിന്നുമാത്രമേ പുതിയ കെട്ടിടം നിർമ്മിക്കാൻ പറ്റുകയുള്ളൂവെന്നും ആയതിന് ട്രാവൻകൂർ പാലസിന്റെ ഇപ്പോഴത്തെ ഉയരമായ 11 മീറ്റർ മാത്രമേ പാടുള്ളൂവെന്നും സമിതിയെ

അറിയിച്ചു. ഇപ്പോഴുള്ള ട്രാവൻകൂർ പാലസ് അതേപോലെ നിലനിർത്തി ഒരു എക്സിബിഷൻ ഗാലറിയാക്കി മാറ്റുകയും അതിന്റെ 9 മീറ്റർ ഇരുവശത്തുമായി ഒരു ഈസ്റ്റ് ബ്ലോക്കും സൗത്ത് ബ്ലോക്കും പണിയുകയും ഒരു ഓപ്പൺ എയർ തിയേറ്ററും ഫുഡ് കോർട്ടും കൂടി വിഭാവനം ചെയ്യുന്നതാണ് നല്ലതെന്നും ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. 1000 പേർക്ക് ഇരിക്കാവുന്ന ഒരു ഓഡിറ്റോറിയവും 150 കാർ പാർക്കിംഗ് സൗകര്യവും 200 ടു വീലർ പാർക്കിംഗ് സൗകര്യവും ഉൾപ്പെടെ ആകെ 6889 ചതുരശ്ര അടി ബിൽട് അപ് ഏരിയയാണ് നിലവിലുള്ളതെന്നും ഇപ്പോൾ ബിൽട് അപ് ഏര്യയിൽ ബാരക്കിൽ ആളുകൾ താമസിക്കുന്നതുപോലെ സ്റ്റാഫ് താമസിക്കുകയാണെന്നും ഇപ്പോഴുള്ള നിയമപ്രകാരം ഇവിടെ താമസത്തിനായി കെട്ടിടങ്ങൾ അനുവദനീയമല്ലെന്നും അത് ഡിസ്പോസ് ചെയ്തതിനുശേഷം തത്തുല്യമായ ഫുട്പ്രിന്റാണ് ഇപ്പോൾ എടുത്തിരിക്കുന്ന തെന്നും ഒരു മെയിൽ ബ്ലോക്കും, 200 പേർക്ക് ഇരിക്കാവുന്ന മിനി കോൺഫറൻസ് ഹാളും ലൈബ്രറിയും ഇതിൽ ഉൾപ്പെടുന്നെന്നും വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

ഇതിന്റെ ഡിസൈൻ ഫൈനലൈസ് ചെയ്തു കഴിഞ്ഞുവെന്നും മേയ് 26-ാം തീയതി കൂടുന്ന സബ്കമ്മിറ്റി ഇത് അംഗീകരിച്ചാൽ 27-ാം തീയതി അപേക്ഷ എൻ.ഡി.എം.സി.-ക്ക് കൈമാറുന്നതാണെന്നും ട്രാവൻകൂർ പാലസിന്റെ വികസനത്തിനായി 2011-ൽ 4.1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

## IV. സബർബൻ റെയിൽവേ പദ്ധതി സംബന്ധിച്ച പ്രസന്റേഷൻ

സബർബൻ റെയിൽ പദ്ധതി റെയിൽവേ മുഖേന നടപ്പിലാക്കാവുന്ന ഒരു പ്രോജക്ടാണെന്നും ഡബിൾലൈനുള്ള സ്ഥലങ്ങളിൽ ഇത് കൊണ്ടുവരാവുന്നതാണെന്നും തിരുവനന്തപുരം-ചെങ്ങന്നൂർ വരെയും, കായംകുളം-ഹരിപ്പാട് വരെയുമാണ് ഇപ്പോൾ ഡബിൾ ലൈനുള്ളതെന്നും നോഡൽ ഓഫീസർ സമിതിയെ അറിയിച്ചു ഓരോ ട്രെയിനിനും ഓരോ സ്പെസിഫിക്കേഷൻ ഉണ്ടെന്നുള്ളതാണ് സബർബൻ ട്രെയിനിന്റെ പ്രത്യേകതയെന്നും ഇതിൽ എല്ലാം ഹൈസ്പീഡ് ട്രെയിനുകളാണെന്നും ഓട്ടോമാറ്റിക് സിഗ്നലിംഗ്, ട്രെയിനുകൾ വാങ്ങുക, സ്റ്റേഷനുകളുടെ നവീകരണം എന്നിങ്ങനെ മൂന്നു ഭാഗങ്ങളാണുള്ളതെന്നും പുതുതായി സ്ഥലം ഏറ്റെടുക്കേണ്ടായെന്നത് ഈ പ്രോജക്ടിന്റെ പ്രത്യേകതയാണെന്നും നോഡൽ ഓഫീസർ സമിതിയെ ബോദ്ധ്യപ്പെടുത്തി. ഇതിന്റെ മൊത്തം ചെലവായി 3300 കോടിരൂപയാണ് പ്രതീക്ഷിക്കുന്നതെന്നും ഇതിൽ 40 മുതൽ 60% വരെ മൾട്ടി ലാറ്ററൽ ഫണ്ടായി ലഭിക്കുമെന്നും ബാക്കി സർക്കാരിന് ബോണ്ടുകളിലൂടെ കണ്ടെത്താനാകുമെന്നും കിലോമീറ്ററിന് 30 കോടി രൂപയ്ക്കുള്ളിൽ മാത്രമേ ചെലവാകുകയുള്ളുവെന്നും റെയിൽവേയുടെ ഇൻഫ്രാസ്ട്രക്ചർ ഉപയോഗിച്ച് ഇത് നടപ്പിലാക്കാമെന്ന് റെയിൽവേ സമ്മതിച്ചിട്ടുണ്ടെന്നും എന്നാൽ അതിനുവേണ്ടിയുള്ള

ട്രെയിൻ വാങ്ങേണ്ടത് സംസ്ഥാന സർക്കാരാണെന്നും റെയിൽവേ ഇതിനായി തുകയൊന്നും മുതൽമുടക്കില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും സമിതിയെ ധരിപ്പിച്ചു കൂടാതെ ഇതിന്റെ പ്രധാന വരുമാനമെന്ന നിലയിൽ മൾട്ടി ലെവൽ പാർക്കിംഗും അഡ്വർടൈസ്മെന്റും ക്രമീകരിച്ചിട്ടുണ്ടെന്നും നിലവിലുള്ള 78-ഓളം ലെവൽ ക്രോസ് ഉള്ളതിൽ ചിലത് അടയ്ക്കുകയും കുറച്ച് അണ്ടർ പാസ് ആക്കുകയും ചെയ്യുക, ഫെയർ കൂട്ടുക എന്നീ രണ്ട് തരത്തിലുള്ള ബുദ്ധിമുട്ടാണ് പദ്ധതി പ്രത്യക്ഷത്തിൽ അഭിമുഖീകരിക്കുന്നതെന്നും ഫെയർ കൂട്ടിയാൽ യാത്രക്കാർ കുറയുമെന്ന ആശങ്കയുണ്ടെന്നും സർക്കാരിന്റെ വിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള നവരത്ന പദ്ധതികളിലൊന്നാണിതെന്നും നോഡൽ ഓഫീസർ സമിതിയെ ബോദ്ധ്യപ്പെടുത്തി.

സമിതി യോഗം വൈകുന്നേരം 4 മണിക്ക് പിരിഞ്ഞു.

## 17-6-2014-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2014 ജൂൺ മാസം 17-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 5.10-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ ചുവടെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. രാജു, എം.എൽ.എ.
2. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. കെ. മോഹൻദാസ്, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. റ്റി. ഒ. സൂരജ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീമതി റ്റി. എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി, തുറമുഖ വകുപ്പ്
3. ശ്രീ. ഷെയ്ക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്
4. ശ്രീ. കെ. എസ്. രാജു, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

5. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്

6. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും), പൊതുമരാമത്ത് വകുപ്പ്

7. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്

8. ശ്രീ. കെ. സുന്ദരൻ, പ്രോജക്ട് ഡയറക്ടർ, കെ.എസ്.റ്റി.പി.

9. ശ്രീ. ഹരികേശ്, പി. സി., ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്

10. ശ്രീ. എ. പി.സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ.

I. സമിതി ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന

2013-14 സാമ്പത്തികവർഷം ജൂൺ വരെയുള്ള എൽ.സി. മാത്രമേ ധനകാര്യവകുപ്പ് റിലീസ് ചെയ്തിട്ടുള്ളൂവെന്നും ആയതിനാൽ സമിതിയുടെ ശിപാർശകളിൽ പറഞ്ഞ പല ഫണ്ടും ലഭിച്ചിട്ടില്ലെന്നും അതുകൊണ്ട് തന്നെ ടി ഫണ്ട് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു തുടർന്ന് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെ പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അധികവിവരങ്ങൾ ആരായുകയും അംഗീകരിക്കുകയും ചെയ്തു.

**പൊതുമരാമത്ത് വകുപ്പ്**

2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2787/സബ്.സി.എ 2/2013/നി.സെ.)

ഖണ്ഡിക നമ്പർ 6 മുതൽ 43 വരെയും 45 മുതൽ 112 വരെയും.

**തുറമുഖ വകുപ്പ്**

2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2787/സബ്.സി.എ 2/2013/നി.സെ.)

ഖണ്ഡിക നമ്പർ 113 മുതൽ 115 വരെയും 119 മുതൽ 122 വരെയും.

II. <u>2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണന</u>

സമിതിയോഗം അന്നേദിവസം പരിഗണിച്ച് അംഗീകരിച്ച പൊതുമരാമത്ത്, തുറമുഖം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് കൂടി ഉൾപ്പെടുത്തിയപ്രകാരമുള്ള 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. <u>2014 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണന</u>

സമിതിയുടെ 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം വൈകുന്നേരം 5.20-ന് പിരിഞ്ഞു.

## 29-10-2014-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2014 ഒക്ടോബർ മാസം 29-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 സി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ.
3. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ
2. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി ആന്റ് എം.ഡി., കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ കൂടിയുള്ള യാത്രാസൗകര്യവും ചരക്ക ഗതാഗതവും വികസിപ്പിക്കുന്നതിനുള്ള ലക്ഷ്യത്തോടെ 1975 ഡിസംബർ മാസം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ച കേരള ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ എന്ന സ്ഥാപനവും കേരള ഷിപ്പിംഗ് കോർപ്പറേഷൻ എന്ന മറ്റൊരു സ്ഥാപനവും കൂടി സംയോജിപ്പിച്ച് 31-3-1989-ൽ സ്ഥാപിതമായ ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെന്നും എറണാകുളം ഗാന്ധി നഗറിലാണ് ഹെഡ് ഓഫീസ് പ്രവർത്തിക്കുന്നതെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. കൂടാതെ കൊച്ചിയിലെ തോപ്പുംപടിയിൽ ഒരു സ്ലിപ് വേയും തേവരയിൽ ഒരു ബോട്ട് യാർഡും ഹൈക്കോടതിക്ക് സമീപമായി ഒരു ബോട്ട് ജെട്ടിയും കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ടൂറിസം വകുപ്പിനുകീഴിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന രണ്ട് ഉല്ലാസബോട്ടുകൾ കമ്പനി ഏറ്റെടുത്ത് ആധുനിക സൗകര്യങ്ങൾ ഉൾക്കൊള്ളിച്ച് സാഗരറാണി എന്ന പേരിൽ കടലിലേക്ക് ഉല്ലാസയാത്രകൾ നടത്തുന്നുണ്ടെന്നും മേൽപ്പറഞ്ഞ സ്ഥലങ്ങളെ കേന്ദ്രീകരിച്ചാണ് സാഗരറാണിയുടെ സർവ്വീസുകളും പ്രവർത്തനങ്ങളും നടക്കുന്നതെന്നും സമിതിയെ ധരിപ്പിച്ചു.

ഉൾനാടൻ ജലപാതകളിലൂടെയുള്ള ചരക്ക ഗതാഗതം കമ്പനി ഏർപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങളിലൊന്നാണെന്നും ഉൾനാടൻ ജലമാർഗ്ഗം എഫ്.എ.സി.റ്റി.ക്കുവേണ്ടിയുള്ള അസംസ്കൃത വസ്തുക്കൾ, ആസിഡുകൾ, പെട്രോളിയം ഉൽപ്പന്നങ്ങൾ, കുടിവെള്ളം എന്നിവ കമ്പനി കൈകാര്യം ചെയ്യുന്ന ചരക്കുകളിൽപ്പെടുന്നുവെന്നും എം.ഡി. സമിതി മുമ്പാകെ വെളിപ്പെടുത്തി. തുറമുഖ വകുപ്പിനുവേണ്ടി ടഗ്ഗുകളും വെസ്സലുകളും അതിന്റെ നിർമ്മാണവും അറ്റകുറ്റപ്പണികളും കമ്പനിയുടെ പ്രവർത്തനമേഖലകളിൽ ഉൾപ്പെടുന്നുണ്ടെന്നും ജലമാർഗ്ഗം ചരക്കുഗതാഗത സൗകര്യങ്ങൾ കൂട്ടുന്നതിന് അധിക സർവ്വീസുകൾ ഏർപ്പെടുത്താൻ

ഉദ്ദേശിക്കുന്നുണ്ടെന്നും എഫ്.എ.സി.റ്റി.ക്കുവേണ്ടിയാണ് പ്രധാനമായും ചരക്കുഗതാഗതം നടത്താൻ ഉദ്ദേശിക്കുന്നതെന്നും എം.ഡി. കൂട്ടിച്ചേർത്തു. കൊച്ചി തുറമുഖത്ത് എത്തുന്ന കപ്പലുകൾക്ക് ഇന്ധനം നൽകാൻ (ഓയിൽ ബങ്കറിംഗ്), നാവികയാനങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും, ടൂറിസ്റ്റുകൾക്ക് വേണ്ടിയുള്ള സർവ്വീസുകൾ, ജലപാതകളിലൂടെയുള്ള ഗതാഗത സൗകര്യം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ട പരിശീലന പദ്ധതികൾ എന്നിവ കോർപ്പറേഷൻ ഏർപ്പെട്ടിരിക്കുന്ന മറ്റു പ്രവർത്തന മേഖലകളാണെന്നും പൊതുമേഖലാ എണ്ണക്കമ്പനികളായ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് തുടങ്ങിയവയ്ക്കുവേണ്ടിയാണ് കമ്പനിയുടെ ബാർജുകൾ ഇന്ധനം നൽകുന്നതെന്നും എം.ഡി. സമിതിയെ ധരിപ്പിച്ചു. മേൽപ്പറഞ്ഞതു കൂടാതെ ടൂറിസം അടിസ്ഥാനമാക്കി എറണാകുളത്ത് രണ്ട് വെസ്സലുകൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും സാഗരറാണി സർവ്വീസ് കൊച്ചിയിലെ മുഖ്യ വിനോദസഞ്ചാര ആകർഷണങ്ങളിൽ ഒന്നാണെന്നും സമിതിയെ അറിയിച്ചു.

ദേശീയ ജലപാതയിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം മുസരീസ് പൈതൃകം പദ്ധതിയുടെ കീഴിൽ 7 ജെട്ടികളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും ഒരു ജെട്ടിയുടെ പണികൂടി പൂർത്തിയാകാനുണ്ടെന്നും കമ്പനി കഴിഞ്ഞ 1-2 വർഷങ്ങളായി നഷ്ടത്തിലാണെന്നും ആ നഷ്ടം നികത്തുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും എം.ഡി. സമിതിയെ അറിയിച്ചു. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് തീം ബെയ്സ്ഡ് ക്രൂയിസ് വെസ്സൽ എന്നും മംഗലാപുരത്തുള്ള വാട്ടർവേസ് ലിമിറ്റഡ് എന്ന കമ്പനിയുടെ യാർഡിലാണ് ഇത് നിർമ്മിക്കുന്നതെന്നും 200-ഓളം വിനോദസഞ്ചാരികളെ കൊണ്ടുപോകാൻ സാധിക്കുന്ന ഒരു വെസ്സലാണിതെന്നും അടുത്ത 14 മാസങ്ങൾക്കുള്ളിൽ ഈ വെസ്സൽ പ്രവർത്തനോന്മുഖമാക്കിത്തീർക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സമിതിയെ ബോദ്ധ്യപ്പെടുത്തി. ഇതിന് ഈടാക്കുന്ന ചാർജ് എത്രയാണെന്ന് സമിതി ആരാഞ്ഞതിന് ഇതിന്റെ ചാർജ് നിശ്ചയിച്ചിട്ടില്ലായെന്നും പുറംകടലിലേക്ക് ഇപ്പോൾ സർവ്വീസ് നടത്തുന്ന 'സാഗരറാണി'-ക്ക് 350 രൂപയാണ് 2 മണിക്കൂറിന് ഈടാക്കുന്നതെന്നും തീം ബെയ്സ്ഡ് ക്രൂയിസ് വെസ്സലിൽ കോൺഫറൻസ് റൂം, തിയേറ്റർ, റെസ്റ്റോറന്റ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ തയ്യാറാക്കുന്നുണ്ടെന്നും കോൺഫറൻസുകളും മീറ്റിംഗുകളും ഈ സർവ്വീസിൽ നടത്താനാകുമെന്നും എം.ഡി. സമിതിയെ അറിയിച്ചു.

സാഗരറാണി സർവ്വീസിൽ ഭക്ഷണം ഉൾപ്പെടെയാണോ 350 രൂപ ഈടാക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് ലഘുഭക്ഷണം ഉൾപ്പെടെ 350 രൂപയാണ് ഈടാക്കുന്നതെന്നും ആധുനിക സൗകര്യങ്ങളോടുകൂടിയ കപ്പലുകളിൽ കൂടുതൽ തുകയാണ് ഈടാക്കുന്നതെന്നും കടലിലെ യാത്രാദൈർഘ്യം അനുസരിച്ചാണ് നിരക്ക് നിശ്ചയിക്കുന്ന തെന്നും രണ്ട് മണിക്കൂറിൽ കൂടുതലിന് 1,000 രൂപവരെ ഈടാക്കാവുന്നതാണെന്നും എം.ഡി. സമിതിയെ ബോദ്ധ്യപ്പെടുത്തി.

സാഗരറാണി സർവ്വീസിൽ മുൻകൂട്ടി ബുക്ക് ചെയ്യാനുള്ള സംവിധാനമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മുൻകൂട്ടി ബുക്ക് ചെയ്യാനും ഉടനടി ബുക്ക് ചെയ്യാനുമുള്ള സംവിധാനവും ഉണ്ടെന്നും രണ്ട് വെസ്സലുകളാണ് കമ്പനിക്കുള്ളതെന്നും ഇതിൽ ഉൾക്കടലിൽ പോകാൻ സാധിക്കില്ലെന്നും ഈ വെസ്സലിൽ 100 പേർക്ക് യാത്രചെയ്യാൻ കഴിയുമെന്നും ഇപ്പോൾ രാത്രി യാത്രചെയ്യാനുള്ള സംവിധാനമില്ലെന്നും സ്ലീപ്പിംഗ് അക്കോമഡേഷൻ കൊടുത്താൽ മാത്രമേ അതിനുള്ള അനുമതി ലഭിക്കൂ എന്നും എം.ഡി. സമിതിക്ക് മറുപടി നൽകി.

സാഗരറാണി സർവ്വീസ് ലാഭകരമാണോയെന്ന് സമിതി ആരാഞ്ഞതിന് സാഗരറാണി സർവ്വീസും കൊച്ചിയിലെ അതിവേഗഫെറിബോട്ടിന്റെ സേവനവും ലാഭകരമാണെന്നും ഫെറിബോട്ട് സർവ്വീസ് നിലവിൽ 5-6 നോട്ടിക്കൽ മൈൽ സ്പീഡിൽ താഴെയായതിനാൽ വേഗത്തിൽ എത്താനും കൂടുതൽ സ്പീഡ് എടുക്കാൻ സാധിക്കുന്നതും 100-ഓളം പാസഞ്ചർ കപ്പാസിറ്റിയുമുള്ള രണ്ട് ബോട്ടുകൾ ഡിസൈൻ ചെയ്തു കൊണ്ടിരിക്കുകയാണെന്നും 12 നോട്ടിക്കൽ മൈൽ വേഗതയിൽ പോകാൻ ഇതിന് സാധിക്കുമെന്നും എം.ഡി. അറിയിച്ചു. കൂടാതെ കോസ്റ്റൽ ഷിപ്പിംഗ് വഴിയുള്ള കണ്ടെയിനർ നീക്കത്തെ സംബന്ധിച്ച് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ തീരദേശക്കപ്പൽ ചാലുകൾ വഴിയുള്ള ചരക്കുകടത്തിന് വളരെയധികം പ്രാധാന്യം നൽകുന്നുണ്ടെന്നും തീരദേശ കപ്പൽ ചാലുകൾ വഴിയുള്ള ചരക്കുകടത്തിന് സബ്സിഡിയും അതിനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കണമെന്ന് കെ.എസ്.ഐ.എൻ.സി. സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ചെറിയ വെസ്സൽസ് നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുംവേണ്ടി യാർഡ് നിർമ്മിക്കുന്നതിന് കൊടുങ്ങല്ലൂരിൽ തുറമുഖ വകുപ്പിനുകീഴിലുള്ള സ്ഥലം അനുയോജ്യ മാണോയെന്ന് KITCO യുടെ നേതൃത്വത്തിൽ പഠനം നടത്തിവരികയാണെന്നും മൺസൂൺ കാലത്തും കടലിലേക്ക് പോകാൻ 1000 മെട്രിക് ടൺ ശേഷിയുള്ള ഒരു വെസ്സലിന്റെ നിർമ്മാണത്തിനും പദ്ധതിയുണ്ടെന്നും എം.ഡി. സമിതിയെ ധരിപ്പിച്ചു.

തൃക്കരിപ്പൂർ പഞ്ചായത്തിലെ വലിയ പറമ്പ് എന്ന സ്ഥലത്ത് വിനോദസഞ്ചാര വകുപ്പ് വാട്ടർ സ്പോർട്സ് ആരംഭിക്കാൻ എല്ലാ സൗകര്യങ്ങളും ഒരുക്കിയതാണെങ്കിലും പ്രസ്തുത പദ്ധതിക്കായി ഒന്നും ചെയ്യതായി കാണുന്നില്ലെന്ന് സമിതി വിലയിരുത്തിയതിന് പ്രസ്തുത സ്ഥലങ്ങൾ കെ.എസ്.ഐ.എൻ.സി. പരിശോധിച്ചതിനുശേഷം വാട്ടർ സ്പോർട്സ് തുടങ്ങാൻ സാധിക്കുമെന്നുണ്ടെങ്കിൽ ആരംഭിക്കാമെന്ന് എം.ഡി. വ്യക്തമാക്കി.

ദേശീയ ജലപാതയിലൂടെയുള്ള ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയെന്ന് സമിതി ആരാഞ്ഞതിന് ദേശീയ ജലപാതയിൽ 2 ടെർമിനലുകൾ ഉണ്ടെന്നും ടെർമിനൽ നിർമ്മിച്ച് 10 വർഷമായിട്ടും ആരും. എടുക്കാനില്ലാത്ത അവസ്ഥയാണെന്നും പല കമ്പനികളുമായി ചർച്ച നടത്തിയെങ്കിലും ടെർമിനലുകൾ പ്രവർത്തിപ്പിക്കാൻ സാധിച്ചില്ലെന്നും ജലപാതയിലൂടെ ചരക്ക് കൊണ്ടുപോകാനായി പല കമ്പനികളുമായി ചർച്ച നടത്തിയിട്ടും ആരും മുന്നോട്ടുവരുന്നില്ലെന്നും ഇപ്പോൾ പ്രസ്തുത ടെർമിനലുകൾ വകുപ്പിന്റെ കൈവശം തന്നെയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി.

കോട്ടപ്പുറം മുതൽ വളപട്ടണം വരെയുള്ള ജലപാത ടൂറിസം പദ്ധതി ഏതു ഘട്ടവരെയായി എന്ന് സമിതി ആരാഞ്ഞതിന് ഹോസ്ദുർഗ്-വളപട്ടണം വരെ സുൽത്താൻമുന ഉൾപ്പെടെയുള്ള ഭാഗത്തുകൂടി ഇപ്പോൾ യാത്ര ചെയ്യാൻ സാധിക്കുമെന്നും ഡ്രഡ്ജിംഗ് വർക്കുകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും വളപട്ടണം-മാഹിവരെയുള്ള 24 കിലോമീറ്റർ പണികൾ ഒന്നും ചെയ്യാത്ത ഭാഗമാണെന്നും മാഹി-വടകര വരെ പണി നടന്നുകൊണ്ടിരിക്കുകയാണെന്നും ഏപ്രിൽ-മേയ് മാസം ആകുമ്പോൾ പണിപൂർത്തിയാക്കാൻ സാധിക്കുമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു കൂടാതെ ഇ.കെ. കനാൽ തുടങ്ങി കോഴിക്കോട് ടൗൺ വരെ മാത്രമാണ് കുറച്ച് ബുദ്ധിമുട്ടായ ഭാഗമുള്ളതെന്നും കോഴിക്കോട്-മലപ്പുറം കഴിഞ്ഞ് ജലപാത കൊടുങ്ങല്ലൂരിലെത്തുമെന്നും കോട്ടപ്പുറം-കൊല്ലം വരെയുള്ള ജലപാതയുടെ പണി ജനുവരി 1-ാം തീയതി ആകുമ്പോൾ National Water ways-Standard-ൽ ചെയ്യാൻ സാധിക്കുമെന്നും കൊല്ലം തോടിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണെന്നും വർക്കല വരെയുള്ളതിന്റെ പണി ബുദ്ധിമുട്ടില്ലാതെ നടക്കുമെന്നും ആറ്റിങ്ങലിൽ പണ്ട് മഹാരാജാവ് പണിത കനാലുണ്ടെന്നും ഈ മൂന്ന് സ്ഥലത്തും പുതിയ പാലം പണിയാൻ പോകുകയാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി.

ആറ്റിങ്ങലിലെ കനാൽ ഇപ്പോഴും ഉണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ആ കനാൽ നികത്തി റോഡായി ഉപയോഗിക്കുന്നതുകൊണ്ട് വേറെ പാലം പണിയാൻ പോകുകയാണെന്നും പാലം പണിയുമ്പോൾ വർക്കലയിൽ ടണലിന്റെ ഒരു ബുദ്ധിമുട്ട് വരുന്നുണ്ടെന്നും രണ്ട് ലൈനിന്റെ ഇടയിൽ ഡീസിൽറ്റിംഗ് തുടങ്ങാൻ പോകുകയാണെന്നും

അങ്ങനെയാകുമ്പോൾ ജലപാത ആക്കുളംവരെ എത്തുമെന്നും ആക്കുളം-കോവളം വരെയുള്ളതിന്റെ പണി ആരംഭിക്കാൻ പോകുകയാണെന്നും 3 വർഷം കൊണ്ട് ഹോസ്ദുർഗ്-തിരുവനന്തപുരം വരെ ജലപാത വഴി യാത്ര ചെയ്യാൻ സാധിക്കുന്നതാണെന്നും 25 കിലോമീറ്ററിന്റെ പണിപൂർത്തീകരിച്ചാൽ മതിയാകുമെന്നും അതിന്റെ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണെന്നും ഡിസംബർ മാസം അവസാനത്തോടുകൂടി സർവ്വേ പൂർത്തീകരിക്കാൻ സാധിക്കുന്നതാണെന്നും താനൂരിലെ കനാലും പഴശ്ശികനാലും ഈ പദ്ധതിയിൽ ഉപയോഗിക്കാനാണ് ശ്രമിക്കുന്നതെന്നും 3 വർഷം കൊണ്ട് താനൂരിൽ നിന്നും തിരുവനന്തപുരം വരെ ബോട്ടിൽ വരാൻ സാധിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സമിതിയോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു.

## 2-12-2014-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2014 ഡിസംബർ മാസം 2-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും സമിതിയംഗം ശ്രീ. സി. പി. മുഹമ്മദ്, എം.എൽ.എ.യും സന്നിഹിതരായിരുന്നു.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

I. <u>കരട് ചട്ടത്തിന്റെ പരിഗണന</u>

2014-ലെ കേരളാ മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) റൂൾസ് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(1) In the Preamble the words "being satisfied that it is necessary, in the public interest, so to do" shall be deleted.

(2) Rule 1 (2) shall be recast as follows:

"(2) They shall be deemed to have come into force at once".

(3) In the marginal heading of rule 2 for the word "rules" the word "Rules" shall be substituted.

(4) In rule 2 after the figure and punctuation "1975-" the punctuation "," shall be inserted.

(5) In rule 2 (a),—

(i) For the word "Rule" the word "rule" shall be substituted.

(ii) After the word and punctuation "namely:" the punctuation "_" shall be inserted.

(6) In the second proviso proposed to be inserted in rule 3 of the parent rule, by rule 2 (a),—

(i) For the words "above clause and proviso" the words "said provisions" shall be substituted.

(ii) The punctuaction " " " at the end of the proviso shall be deleted.

(7) In the third proviso proposed to be inserted in rule 3 of the parent rule, by rule 2 (a),—

(i) The punctuation " " " at the beginning shall be deleted.

(ii) After the word of "e-payment of tax" the punctuation " , " shall be inserted.

(iii) For the words "will be" the words "shall be made" shall be substituted.

(iv) At the end of the proviso the punctuation " ; " shall be inserted.

(8) In rule 2 (b), for the word "Rule" the word "rule" shall be substituted.

(9) In rule 2 (b)(i) for the word and punctuation "namely;—" the word and punctuation "namely:—" shall be substituted.

(10) In the first paragraph proposed to be substituted in rule 4 of the parent rule, by rule 2 (b)(i),—

(i) For the word "Certificate" the word "certificiate" shall be substituted.

(ii) Before the words "State Bank of Travancore" the word "the" and after the words "State Bank of India or" the word "of" shall be inserted.

(iii) The word "the" before the words "Nationalised Banks" shall be deleted.

(iv) For the punctuation "." the punctuation ";" shall be substituted at the end of the paragraph.

(11) Rule 2 (b)(iii) shall be recast as follows:

"(iii) in the second proviso, the word "further" shall be omited".

(12) Rule 2 (c) shall be recast as follows:

"(c) in rule 5, for serial No. 3, and the entries against it in columns (1) and (2), the following serial number and entries shall, respectively, be substituted, namely:—"

(13) The entries in column 1 item (i) of serial No. 3 in rule 5 of the parent rule, proposed to be substituted by rule 2 (c) shall be recast as follows:

"(i) in the case of vehicles for which one time tax or lumpsum tax is payable."

(14) The entries in column 2 item (i) of serial No. 3 in rule 5 of the parent rule, proposed to be substituted by rule 2 (c), after the words "delivery of the vehicle" and after the words "whichever is earlier" the punctuation "," shall be inserted.

(15) The entries in column 1 item (ii) of the serial No. 3 in rule 5 of the parent rule proposed to be substituted by rule 2 (c), before the word "other" the words "in the case of" shall be inserted and the punctuation "-" shall be inserted between the words "non" and "transport".

(16) The entries in column 1 item (iii) of serial No. 3 in rule 5 of the parent rule, proposed to be substituted by rule 2 (c), before the word "other" the words "in the case of" shall be inserted and in column 2 against it a punctuation ";" shall be inserted at the end of the entries.

(17) In rule 2 (d), for the word "Rule" the word "rule" shall be substituted and the punctuation ";" shall be inserted at the end.

(18) In rule 2 (e), for the word "Rule" the word "rule" shall be substituted and the punctuation "_" shall be inserted after the word and punctuation "namely:"

(19) In the second proviso proposed to be inserted in rule 7 of the parent rule, by rule 2 (e),—

(i) after the words "tax license and" the words "the same" shall be substituted.

(ii) the word "form" appearing in two places shall be replaced with "FORM".

(iii) The punctuation ";" shall be inserted at the end of the proviso.

(20) In rule 2 (f) after the word and punctuation "namely:" the punctuation "_" shall be inserted.

(21) In the new rule 11A (1) proposed to be inserted in the parent rule, by clause 2 (f),—

(i) The following words and brackets shall be deleted "(hereinafter referred to as the Authorised Officer)".

(ii) For the words "Motor Vehicle has remained unpaid, such Officer may by an order seize", the words "Motor Vehicle remains unpaid, such Officer may, by an order, seize" be substituted.

(iii) For the words "the vehicle be taken to the nearest Police station" the words "the vehicle be taken to the nearest Police Station" shall be substituted.

(iv) For the words "In case of any goods" the words "In the case of any goods" shall be substituted.

(v) For the words "inventory of goods" the words "inventory of such goods" shall be substituted.

(vi) In the last line after the word "premises" the words "for safe custody" shall be inserted.

(22) The new rule 11A(2) proposed to be inserted in the parent rule, by clause 2 (f), shall be recast as follows:

> "(2) If the tax due in respect of the vehicle seized and detained is not paid within 30 days from the date of the such seizure and detention, the officer authorised under sub-section (1) of the section 11 shall forthwith intimate the same either to the Regional Transport Officer or Joint Regional Transport Officer, as the case may be, who is the officer authorised for the purpose under sub-section (2) of section 11, having jurisdiction in the area where the vehicle is detained under sub-section (2) of section 11 and hand over the possession of the vehicle to such officer and he shall further detain the vehicle till the disposal of the vehicles by auction."

(23) In the new rule 11B proposed to be inserted in the parent rule by, rule 2(f),—

(i) In sub-rule (4) the punctuation " " " at the beginning and at the end of the proviso shall be deleted.

(ii) In sub-rule (6) for the words "authorised officer" the words "officer authorised under sub-section (2) of section 11" shall be substituted.

(iii) In sub-rule (6) for the word "Motor Vehicles Act" the words "provisions of the Motor Vehicles Act, 1988 (Central Act 59 of 1988)" shall be substituted.

(iv) In sub-rule (8) for the word "prescribed" the word "provided" shall be substituted and the words "of the Act" after the number "13" shall be deleted.

(24) In rule 2 (g) for the word "Rule" the word "rule" shall be substituted and the number and brackets "(1)" before the word "shall" shall be deleted.

(25) In rule 15 A (1) proposed to be substituted in the parent rule, by rule 2(g),—

(i) For the word "schedule" the word "Schedule" shall be substituted.

(ii) For the words "one time tax/lump sum tax" appearing in two places the words "one time tax or lump sum tax" shall be substituted.

(iii) The punctuation ";" shall be inserted at the end of the rule.

(26) The rule 2 (h) shall be recast as follows:

"(h) after FORM CTL the following FORM shall be inserted, namely:—"

(27) In the newly inserted FORM ETL in the parent rule, by clause 2 (h),—

(i) Before the word "GOVERNMENT OF KERALA" the punctuation " " " shall be inserted.

(ii) For the word "Rule 7" the word "rule 7" shall be inserted.

(iii) After the word "punishment" the following punctuations shall be inserted " ".".

II. <u>സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

**ഗതാഗത വകുപ്പ്**

(1) 2009-2010-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2574/സബ്.സിഎ 2/ 2012/നി.സെ.)

"കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്ന" പൊതുശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി സമിതി അംഗീകരിച്ചു.

(2) 2014-2015-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3458/സബ്.സി.എ 2/ 2014/നി.സെ.)

ഖണ്ഡിക 119-ലെ ശിപാർശയിൻമേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

**ധനകാര്യ വകുപ്പ്**

(3) 2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4930/സബ്.സി.എ 2/ 2011/നി.സെ.)

ഖണ്ഡിക 90-ലെ ശിപാർശയിൻമേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

(4) 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 2787/സബ്.സി.എ 2/ 2013/നി.സെ.)

ഖണ്ഡിക 112-ലെ ശിപാർശയിൻമേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

പൊതുമരാമത്ത്, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ, തുറമുഖം എന്നീ വകുപ്പുകളുടെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ മറ്റൊരു യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 3.20-ന് പിരിഞ്ഞു.

## 4-12-2014-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2014 ഡിസംബർ മാസം 4-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 6.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ

എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന തദവസരത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
2. ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ.
3. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.
4. ശ്രീ. സി. പി. മുഹമ്മദ്, എം.എൽ.എ.
5. ശ്രീ. കെ. രാജു, എം.എൽ.എ.
6. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി.
2. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീ. ഷേക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്
3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.

2014-ലെ കേരളാ മാരിടൈം ബോർഡ് ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

*Clause 3*

For sub-clause (3) of clause 3, the following sub-clause shall be substituted, namely:—

"(3) The head office of the Board shall be at Thiruvananthapuram"

In sub-clause (4) of clause 3, item (b) in column 1 the word and symbol "Fisheries &" shall be deleted.

*Clause 13*

In clause 13 (1) for the words "Government shall appoint", the words "Government may, by notification, appoint" shall be substituted.

*Clause 14*

In sub-clause (4) of clause 14,—

(i) after the figure "1958", for the word "and" the punctuation "," shall be inserted.

(ii) after the words and figure "the Kerala Government Servants' Conduct Rules, 1960" the words, symbols and figure "and the Kerala Civil Services (Classification, Control and Appeal) Rules, 1960" shall be added.

*Clause 16*

In clause 16 (a), the word "State" shall be omitted.

In clause 16 (f), the words "or until his tenure, remuneration or terms and conditions of service are duly altered by the Board by regulation" shall be omitted.

*Clause 17*

In clause 17, the words "or until their employment under the Board is duly terminated or until their remuneration or terms and conditions of service are duly altered by the Board" shall be omitted.

*Clause 93A*

In clause 93A, clause 93A of the Bill shall be renumbered as 94 and subsequent clauses shall be renumbered accordingly.

*Clause 95*

In clause 95 as so renumbered, for the word and figures "161 to 171", the word and figures "166 to 171" shall be substituted.

*Clause 104*

In sub-clause (2) of clause 104 as so renumbered, for the words "The Chairman", the words "The Vice Chairman" shall be substituted.

*Clause 108*

In sub-clause (2) (d) of clause 108 as so renumbered, for the word and figure "section 104", the word and figure "section 105" shall be substituted.

*Clause 111*

In sub-clause (1) of clause 111 as so renumbered, for the word and figure "section 108", the word and figure "section 109" shall be substituted.

*Clause 113*

In clause 113 as so renumbered, for the word and figure "section 108", the word and figure "section 109" shall be substituted.

സർവ്വശ്രീ കെ. രാജു, ജോസ് തെറ്റയിൽ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ശ്രീമതി കെ. കെ. ലതിക എന്നീ അംഗങ്ങൾ ബില്ലിൻമേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി യോഗം വൈകുന്നേരം 6.45-ന് പിരിഞ്ഞു.

## 10-12-2014-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2014 ഡിസംബർ മാസം 10-ാം തീയതി ബുധനാഴ്ച സഭ പിരിഞ്ഞതിനുശേഷം രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന സമിതിയംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. ജോസ് തെറ്റയിൽ, എം.എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ.
3. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.
4. ശ്രീ. കെ. രാജു, എം.എൽ.എ.
5. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി

2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ഡോ. വി. എം. ഗോപാലമേനോൻ, സെക്രട്ടറി, ഗതാഗത വകുപ്പ്

2. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

2014-ലെ കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (യാത്രക്കാർക്കുള്ള വ്യക്തിപര അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാർക്കുള്ള സാമൂഹ്യസുരക്ഷ, യാത്രാടിക്കറ്റിന്മേലുള്ള സെസ്സ്) ബിൽ സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ചുവടെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

(1) <u>ദീർഘ ശീർഷകം</u>

ദീർഘ ശീർഷകത്തിൽ "വ്യക്തിപര സൗകര്യങ്ങൾക്കും" എന്നീ വാക്കുകൾക്കു ശേഷമുള്ള "കോർപ്പറേഷന്റെ" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

(2) <u>പീഠിക</u>

(i) പീഠികയിൽ "ക്യാരേജ്" എന്ന വാക്കിനു പകരം "കാര്യേജ്" എന്ന് ചേർക്കേണ്ടതാണ്.

(ii) പീഠികയിൽ "ആയിരിക്കുമെന്നതിനാൽ;" എന്ന വാക്കിനുപകരം "ആയിരിക്കുകയാൽ;" എന്ന് ചേർക്കേണ്ടതാണ്.

(3) <u>ഖണ്ഡം 2</u>

(i) ഖണ്ഡം 2 (ഡി)-യിൽ "ക്യാരേജ്" എന്ന വാക്കിനുപകരം "കാര്യേജ്" എന്ന് ചേർക്കേണ്ടതാണ്.

(ii) ഖണ്ഡം 2 (എഫ്)-ൽ "അങ്ങനെയുള്ള ജീവനക്കാർക്ക്" എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

(4) <u>ഖണ്ഡം 3</u>

(i) ഖണ്ഡം 3(2) (ബി) (i)-ൽ "നിർദ്ദേശിക്കാവുന്നതാണ്" എന്ന വാക്കിനുപകരം "വിനിർദ്ദേശിക്കാവുന്നതാണ്" എന്ന് ചേർക്കേണ്ടതാണ്.

(ii) ഖണ്ഡം 3(2) (സി) (iii)-ൽ "നിധിയിലേക്ക്" എന്ന വാക്കിനു മുന്നിൽ "ഈ ആക്റ്റ് പ്രകാരം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(5) <u>ഖണ്ഡം 5</u>

ഖണ്ഡം 5(2)-ൽ "അധികാരസ്ഥാനത്തിനു മുമ്പാകെ" എന്നീ വാക്കുകൾക്കുശേഷം "അങ്ങനെയുള്ള സമയപരിധിക്കകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(6) <u>ഖണ്ഡം 6</u>

ഖണ്ഡം 6(3)-ൽ "പ്രാബല്യത്തിലില്ലാതായതായി കരുതപ്പെടുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "പ്രാബല്യത്തിലില്ലാതായി തീരുന്നതാണ്" എന്ന് ചേർക്കേണ്ടതാണ്.

സർവ്വശ്രീ കെ. രാജു, ജോസ് തെറ്റയിൽ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ശ്രീമതി കെ. കെ. ലതിക എന്നീ അംഗങ്ങൾ ബില്ലിൻമേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി യോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

## 21-1-2015-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2015 ജനുവരി മാസം 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ "5 എ" സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u>

1. ശ്രീ. ജോസ് തെറ്റയിൽ, എം. എൽ.എ.
2. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), എം.എൽ.എ.
3. ശ്രീ. കെ. രാജു, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീമതി സി. രമണി, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. പി. കെ. ജാഫർഖാൻ, സ്പെഷ്യൽ സെക്രട്ടറി, തുറമുഖ വകുപ്പ്
5. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
6. ശ്രീ. ഷേക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്
7. ശ്രീ. കെ. പി. ചന്ദ്രപ്രകാശ്, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
8. ശ്രീ. സണ്ണി ജോൺ, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

സമിതിയുടെ 2013-14 കാലയളവിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിൻ മേൽ തുറമുഖ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ചെയ്തു.

<u>ഖണ്ഡിക നമ്പർ 116</u>

സമിതി ശിപാർശ ചെയ്തിരുന്ന അധികതുകയ്ക്കായുള്ള നിർദ്ദേശം ധനകാര്യ വകുപ്പിലേയ്ക്കയച്ചുവെങ്കിലും നാളിതുവരെ ഫണ്ട് അനുവദിച്ചിട്ടില്ലായെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. അനുവദിച്ച തുക മൊത്തം ചെലവഴിക്കാൻ കഴിഞ്ഞോയെന്ന് സമിതി ആരാഞ്ഞതിന് അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു. 3051-02-001-93 എന്ന ശീർഷകത്തിൽ 2013-14 വർഷത്തേക്ക് 19.55 കോടിയാണ് ആവശ്യപ്പെട്ടിരുന്നത്. അതിൽ 69 കോടി രൂപയാണ് അനുവദിച്ചത്.

മഞ്ചേശ്വരത്ത് സ്ഥാപിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണപുരോഗതി ഏതുവരെയായി എന്ന സമിതി ചോദ്യത്തിന്, മഞ്ചേശ്വരത്ത് വാട്ടർ ഫ്രണ്ടേജില്ലാത്തതിനാൽ പ്രസ്തുത പ്രോജക്ട് കൊടുങ്ങല്ലൂരിലേക്ക് മാറ്റുകയും നിർമ്മാണം ഏറെക്കുറെ പൂർത്തിയാക്കുകയും ചെയ്തുവെന്ന് വകുപ്പ് സമിതിയെ അറിയിച്ചു. ഖണ്ഡിക 116-ലെ ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 117

ഉൾനാടൻ ജലഗതാഗത നിയമം സംബന്ധിച്ച കെ.ഐ.വി. റൂൾസ് പുതുക്കി വിജ്ഞാപനം ചെയ്യുന്നതിനുള്ള ഫയൽ നിയമ വകുപ്പിലേക്ക് അയച്ചിട്ട് നാളുകളായെന്നും അത് സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്നും സമിതി ആരാഞ്ഞതിന് നിർദ്ദേശങ്ങൾ ജലവിഭവ വകുപ്പിലേക്ക് അയയ്ക്കുകയാണ് ചെയ്തതെന്ന് തുറമുഖ വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു. മുമ്പ് ഈ വിഷയം കൈകാര്യം ചെയ്തത് ജലസേചന-വകുപ്പായതുകൊണ്ടാണ് ജലവിഭവ വകുപ്പിലേക്ക് അയച്ചതെന്നും ഇപ്പോൾ ഇത് തുറമുഖ വകുപ്പിന്റെ കീഴിലാണെന്നും വകുപ്പ് അറിയിച്ചു. പ്രസ്തുത റൂൾസിന്റെ കരട് ആയിക്കഴിഞ്ഞുവെന്നും എന്നാൽ അന്തിമരൂപമായിട്ടില്ലെന്നും നിയമവകുപ്പ് സമിതിയെ അറിയിച്ചു. കോതമംഗലം, തട്ടേക്കാട്, കുമരകം എന്നിവിടങ്ങളിൽ ബോട്ടപകടങ്ങൾ ഉണ്ടായ സാഹചര്യത്തിലാണ് ബോട്ടുകളിലെ സുരക്ഷ കർശനമാക്കണമെന്ന അഭിപ്രായമുയർന്നതെന്നും ആലപ്പുഴയിൽ ബോട്ടിന് തീപിടിച്ച സംഭവത്തിനുശേഷം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും കെ.ഐ.വി. റൂൾസിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ടെന്നും വകുപ്പുമന്ത്രി സമിതിയെ ധരിപ്പിച്ചു. ഖണ്ഡിക 117-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 118

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നമ്പർ 124

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള നൂറ് കോടി രൂപ പദ്ധതി ചെലവിലേക്ക് മതിയാകുമെന്ന് വകുപ്പ് സമിതിയെ അറിയിച്ചു. സെൻട്രൽ ഗവൺമെന്റിന്റെ തീരദേശമേഖല പ്രഖ്യാപനം ചോദ്യം ചെയ്തുകൊണ്ട് കേസ് നിലനിൽക്കുകയാണെന്നും പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെന്നും പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടില്ലെന്നും അതിനുവേണ്ടി തുക വിനിയോഗിച്ചുകൊണ്ടിരിക്കുകയാണെന്നും സമിതിയെ അറിയിച്ചു. 90% ഭൂമിയും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പതിനൊന്നേക്കർ ഭൂമി കൂടി ഏറ്റെടുക്കാനുണ്ടെന്നും ഭൂവുടമകളായ പതിനൊന്ന് പേരിൽ

പത്ത് പേരും സമ്മതപത്രം ഒപ്പിട്ടുതന്നിട്ടുണ്ടെന്നും ഓരോവർഷവും 250 കോടി രൂപ തുറമുഖ കമ്പനിക്ക് കൊടുക്കണമെന്ന് സർക്കാർ ഉത്തരവുണ്ടെന്നും വകുപ്പുമന്ത്രി സമിതിയെ ബോദ്ധ്യപ്പെടുത്തി. ഖണ്ഡിക 124-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 125

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 126

ചെറുവത്തൂർ തുറമുഖം എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നുള്ള സമിതിയുടെ ചോദ്യത്തിന് ചെറുവത്തൂർ തുറമുഖം ഉടൻ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും തുറമുഖത്ത് കുറച്ചുകൂടി ഡ്രെഡ്ജിംഗ് നടത്താനാനുണ്ടെന്നും ബാക്കി എല്ലാ ജോലികളും പൂർത്തിയായിട്ടുണ്ടെന്നും ആദ്യത്തെ ടെണ്ടറിന് കോൺട്രാക്ടറെ കിട്ടാത്തതിനാൽ റീ-ടെണ്ടർ ചെയ്യേണ്ടിവന്നുവെന്നും വകുപ്പ് സെക്രട്ടറി ഉത്തരം നൽകി. ഖണ്ഡിക 126-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 127 മുതൽ 135 വരെ

പ്രസ്തുത ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിച്ച് അംഗീകരിച്ചു.

2014-ലെ കേരള സ്റ്റേറ്റ് പബ്ലിക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് (ആർക്കിടെക്ചറൽ) സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിന്റെ (കരട് ചട്ടം) പരിശോധനയും, പൊതുമരാമത്ത്, കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും മറ്റൊരു യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 2.45-ന് പിരിഞ്ഞു.

---